ലേഖനം

ഹൈദറലി ശാന്തപുരം

# ഫീ ളിലാലിൽ ഖുർആന്റെ കഥ

## 2



**കൗതുകമുണർത്തുന്ന** പേരാണ് സയ്യിദ് ഖുത്വ്ബ് ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിന് നൽകിയിട്ടുള്ളത്- *ഫീ ളിലാലിൽ ഖുർആൻ* (ഖുർആന്റെ തണലിൽ). അതിന്റെ പ്രേരകമെന്തെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. ഒന്നാം പതിപ്പിന്റെ മുഖവുരയിൽ അദ്ദേഹം എഴുതുന്നു: "*ഫീ ളിലാലിൽ ഖുർആൻ* എന്ന പേര് ഞാൻ ഉദ്ദേശ്യരഹിതമായി ഇട്ടതല്ല. ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ ഒരു യാഥാർഥ്യമാണത്.... ഇടക്കെല്ലാം ഖുർആന്റെ തണലിൽ ജീവിക്കാനുള്ള ഗോപ്യമായ ഒരാഗ്രഹം എന്റെ മനസ്സിൽ തളിർത്തുവരാറുണ്ടായിരുന്നു. മറ്റൊരു തണലിലും അനുഭവപ്പെടാത്ത ഒരാശ്വാസം എനിക്കാ തണലിൽ അനുഭവിക്കാൻ സാധിച്ചു."

പരിഷ്കരിച്ച പതിപ്പിന്റെ ആമുഖത്തിൽ ഖുർആന്റെ തണലിൽ ജീവിച്ചപ്പോഴുണ്ടായ തന്റെ അനുഭവങ്ങളും അനുഭൂതികളും വിസ്തരിച്ചുതന്നെ പറയുന്നുണ്ട്: "ഖുർആന്റെ തണലിലെ ജീവിതം ഒരനുഗ്രഹംതന്നെ. മനുഷ്യായുസ്സിനെ സംസ്കരിക്കുകയും സമാദരിക്കുകയും സമുന്നതിയിലേക്ക് നയിക്കുകയും ചെയ്യുന്ന അനുഗ്രഹം. അനുഭവിച്ചവർക്കേ അതിന്റെ സുഖമറിയൂ.

അല്ലാഹുവിന് സ്തുതി. ഹ്രസ്വമായ ഒരിടവേളയിലെങ്കിലും ഖുർആന്റെ തണലിൽ ജീവിക്കാൻ എനിക്ക് ഭാഗ്യമുണ്ടായി. ജീവിതത്തിൽ ഒരുനാളുമനുഭവിക്കാത്ത ആനന്ദം അക്കാലം ഞാനനുഭവിച്ചു. ആയുസ്സിനെ സംസ്കരിക്കുകയും സമാദരിക്കുകയും സമുന്നതിയിലേക്ക് നയിക്കുകയും ചെയ്യുന്ന ആ അനുഗ്രഹത്തിന്റെ ആനന്ദം.

ഈ ഖുർആനിലൂടെ അല്ലാഹു എന്നോട് സംസാരിക്കുന്നത് കേട്ടുകൊണ്ട് ഞാൻ ജീവിച്ചു, ചെറിയവനും നിസ്സാരനുമായ എന്നോട്. ഇതിൽപരം എന്തൊരു മഹത്വവും ഔന്നത്യവുമാണ് ഒരു മനുഷ്യന് കിട്ടാനുള്ളത്? അത്യുദാരനായ സ്രഷ്ടാവിൽനിന്ന് ഇതിനേക്കാൾ ശ്രേഷ്ഠമായ ഏതൊരു പദവിയാണ് ലഭിക്കാനുള്ളത്?

ഖുർആന്റെ തണലിൽ ജീവിച്ചുകൊണ്ട് ഞാൻ ആ ഉന്നതിയിൽ നിന്ന് താഴോട്ട് നോക്കി. ഭൂമിയിൽ അലയടിക്കുന്ന അന്ധരാളത(ജാഹിലിയ്യത്ത്)കൾ കണ്ടു. അവയോട് ഭൂവാസികളുടെ അമിത താൽപര്യവും. ഈ അന്തരാള പക്ഷക്കാരുടെ ബാലസഹജമായ ചാപല്യം കണ്ട് ഞാൻ അത്ഭുതപ്പെട്ടു. ബാലിശമായ വീക്ഷണങ്ങൾ, ബാലിശമായ വാദങ്ങൾ, ബാലിശമായ ശാഠ്യങ്ങൾ. കുട്ടികളുടെ ചാപല്യങ്ങളും മടയത്തരങ്ങളും നോക്കിക്കാണുന്ന ഒരു കാരണവരെപ്പോലെയായിരുന്നു എന്റെ അവസ്ഥ. എന്താണ് ഈ ജനങ്ങൾക്ക് പറ്റിയത്? അത്യുന്നതങ്ങളിൽനിന്നുള്ള വിജയത്തിന്റെ വിളിയാളം കേൾക്കാതെ

ഈ ഖുർആനിലൂടെ അല്ലാഹു എന്നോട് സംസാരിക്കുന്നത് കേട്ടുകൊണ്ട് ഞാൻ ജീവിച്ചു, ചെറിയവനും നിസ്സാരനുമായ എന്നോട്. ഇതിൽപരം എന്തൊരു മഹത്വവും ഔന്നത്യവുമാണ് ഒരു മനുഷ്യന് കിട്ടാനുള്ളത്? അത്യുദാരനായ സ്രഷ്ടാവിൽനിന്ന് ഇതിനേക്കാൾ ശ്രേഷ്ഠമായ ഏതൊരു പദവിയാണ് ലഭിക്കാനുള്ളത്?

എന്തുകൊണ്ടാണ് ഇവരീ വൃത്തികെട്ട ചെളിക്കുണ്ടിൽ കിടന്ന് പുളക്കുന്നത്? ആയുസ്സിനെ സംസ്കരിക്കുകയും സമാദരിക്കുകയും സമുന്നതിയിലേക്ക് നയിക്കുകയും ചെയ്യുന്ന വിജയത്തിന്റെ വിളിയാളത്തിന് ചെവികൊടുക്കാതെ.

ഖുർആന്റെ തണലിൽ ജീവിച്ചുകൊണ്ട് ഞാൻ പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും ആത്യന്തികവും സമഗ്രവും സംശുദ്ധവും സമ്പൂർണവും സമുന്നതവുമായ ആ ദർശനം ഉൾക്കൊണ്ടു....

ഖുർആന്റെ തണലിൽ ജീവിച്ചുകൊണ്ട് ഞാൻ അല്ലാഹു സൃഷ്ടിച്ച പ്രപഞ്ചവും അവൻ നിർദേശിച്ച മനുഷ്യജീവിതവും തമ്മിലുള്ള പാരസ്പര്യത്തിന്റെ സൗന്ദര്യമെന്തെന്നറിഞ്ഞു....

ഖുർആന്റെ തണലിൽ ജീവിച്ചുകൊണ്ട് ഞാൻ പ്രപഞ്ചാസ്തിത്വത്തിന്റെ മഹത്വം കണ്ടു. അകംപൊരുളിന്റെ മഹത്വം. അനന്ത സാധ്യതകളുടെ മഹത്വം....

ഖുർആന്റെ തണലിൽ ജീവിച്ചുകൊണ്ട് ഞാൻ മനുഷ്യരിൽ മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത മഹത്വം കണ്ടു.ദിവ്യാത്മാവിന്റെ അംശമാണല്ലോ അവൻ!

ഖുർആന്റെ തണലിൽ ജീവിച്ചുകൊണ്ട് ഞാൻ പഠിച്ചു: ഈ പ്രപഞ്ചത്തിൽ അന്ധമായ യാദൃഛികത, ആകസ്മികത എന്നിവക്കൊന്നും യാതൊരടിസ്ഥാനവുമില്ല....

അങ്ങനെ ഖുർആന്റെ തണലിൽ ശാന്ത ഹൃദയനായും സൗമ്യ പ്രകൃതനായും സ്വസ്ഥമനസ്കനായും ഞാൻ ജീവിച്ചു. എല്ലാ കാര്യത്തിലും ഞാൻ ദൈവത്തിന്റെ കൈകൾ കണ്ടു. അല്ലാഹുവിന്റെ പരിലാളനയിലും പരിരക്ഷയിലും ഞാൻ ജീവിച്ചു. അവന്റെ ഗുണവിശേഷങ്ങളുടെ കരുത്തും കർമശേഷിയും ഞാൻ അനുഭവിച്ചറിഞ്ഞു."

സയ്യിദ് ഖുത്വ്ബിന്റെ സഹോദരനും പ്രമുഖ ഇസ്‌ലാമിക ചിന്തകനുമായ മുഹമ്മദ് ഖുത്വ്ബ് *ഫീ ളിലാലിൽ ഖുർആനെ* പരിചയപ്പെടുത്തുന്നതിങ്ങനെ: "ഗ്രന്ഥകർത്താവ് തന്റെ ആത്മാവു കൊണ്ടും ചിന്തകൊണ്ടും ബോധം കൊണ്ടും മുഴുസ്വത്വംകൊണ്ടും സഹജീവിച്ച ഗ്രന്ഥം. ഓരോ നിമിഷവും ഓരോ ചിന്തയും ഓരോ വാക്കും അതൊന്നിച്ചദ്ദേഹം ജീവിച്ചു. വിശ്വാസലോകത്ത് തന്റെ ചൈതന്യവത്തായ അനുഭവത്തിന്റെ ആകത്തുക ഇതിലദ്ദേഹം നിക്ഷേപിച്ചിരിക്കുന്നു" (*ഫീ ളിലാലിൽ ഖുർആന്റെ* പരിഷ്കരിച്ച പതിപ്പിന്റെ അവതാരികയിൽനിന്ന്).

ഖുർആൻ വ്യാഖ്യാന വേളയിൽ തനിക്ക് അഭൗമികമായ അനുഭൂതിയും ദിവ്യ ഹസ്തത്തിന്റെ സാന്നിധ്യവും അനുഭവപ്പെട്ടതായി സയ്യിദ് ഖുത്വ്ബ് അനുസ്മരിക്കുന്നുണ്ട്. സൂറ *അൽ അൻഫാലിൽ* ബദ്ർ യുദ്ധം പരാമർശിക്കവെ, 'തന്റെ പക്കൽനിന്നുള്ള സമാധാനം എന്ന നിലയിൽ ഒരു മയക്കത്താൽ നിങ്ങളെ അവൻ പൊതിയുകയുണ്ടായി' എന്ന ഖുർആൻ വചനത്തിന്റെ വിശദീകരണത്തിൽ അദ്ദേഹം എഴുതുന്നു: "യുദ്ധത്തിന് മുമ്പ് മുസ്‌ലിംകളെ പൊതിഞ്ഞ മയക്കത്തിന്റെ കഥ വിസ്മയകരമായ ഒരു മാനസികാവസ്ഥയുടെ കഥയാണ്. ദൈവാജ്ഞയും ദൈവിക നിശ്ചയവും ദൈവികാസൂത്രണവും കൊണ്ട് മാത്രമുണ്ടാകുന്ന മാനസികാവസ്ഥ. ഓർക്കാപ്പുറത്തുണ്ടായ പ്രതിസന്ധിഘട്ടത്തിൽ തങ്ങൾ ന്യൂനപക്ഷമാണെന്ന് മനസ്സിലാവുകയും സന്നാഹങ്ങളൊരുക്കാതിരിക്കുകയും ചെയ്ത മുസ്‌ലിംകൾ ചകിതരായി പോയിരുന്നു. അപ്പോഴാണവരെ മയക്കം പൊതിയുന്നത്. പിന്നീട് ബോധം തെളിയുകയും മനസ്സിൽ ശാന്തി നിറയുകയും ചെയ്യുന്നു. ഹൃദയങ്ങളിൽ സമാധാനം ഒഴുകുന്നു (ഉഹുദിലും ഇതുതന്നെയാണ് സംഭവിച്ചത്; ആദ്യം ഭയം, തുടർന്ന് മയക്കം, പിന്നീട് സമാധാനം).

ഞാൻ ഈ സൂക്തത്തിലൂടെ കടന്നുപോവുകയായിരുന്നു. ഈ മയക്കത്തിന്റെ വാർത്തകൾ വായിക്കുകയായിരുന്നു. അപ്പോൾ അതെല്ലാം നടന്ന സംഭവം പോലെയാണ് എനിക്ക് തോന്നിയത്. രഹസ്യം അല്ലാഹുവിനേ അറിയൂ. അവനാണല്ലോ നമുക്കിതിനെക്കുറിച്ച വിവരം തന്നത്. പിന്നീട് എനിക്ക് കഠിനമായൊരനുഭവമുണ്ടായി. രഹസ്യമായ ഒരു ഞെരുക്കത്തിന്റെയും വ്യാകുലമായ ഒരു വിചാരത്തിന്റെയും നിമിഷങ്ങൾ അസ്തമയനേരത്ത് എന്നിലൂടെ കടന്നുപോവുന്നു. തുടർന്ന് ഏതാനും സമയത്തേക്ക് ഞാനൊരു മയക്കത്തിലേക്ക് വീഴുന്നു. അങ്ങനെ മുമ്പില്ലാതിരുന്ന പുതിയൊരു മനുഷ്യനായി ഞാനുണരുന്നു. ശാന്തമനസ്കനും തൃപ്തചിത്തനുമായ ഒരു മനുഷ്യൻ. എങ്ങനെയാണിത് യാഥാർഥ്യമായത്? ആകസ്മികമായ ഈ സംഭവം എങ്ങനെയാണ് നടന്നത്? എനിക്കറിയില്ല. പക്ഷേ, ബദ്റിന്റെയും ഉഹുദിന്റെയും കഥ കേട്ടതോടെ എനിക്കത് ബോധ്യമാകുന്നു. ബുദ്ധികൊണ്ടല്ല എന്റെ പ്രകൃതികൊണ്ടാണ് ഇത്തവണ എനിക്കത് ബോധ്യപ്പെട്ടത്. വെറും ഭാവനയല്ല, ജീവത്തായ ഒരനുഭവമായി ഞാനറിയുന്നു. അതിൽ ദൈവിക ഹസ്തം ഗൂഢമായ അതിന്റെ ജോലി ചെയ്യുന്നതും എന്റെ ഹൃദയം ശാന്തമാകുന്നതും ഞാൻ കാണുന്നു..." (*ഫീ ളിലാലിൽ ഖുർആൻ* 3/1484).

## അവലംബകൃതികൾ

ഒരു തഫ്സീറെഴുതി മുഫസ്സിറുകളുടെ പട്ടികയിൽ തനിക്കൊരിടം കണ്ടെത്തുകയായിരുന്നില്ല സയ്യിദ് ഖുത്വ്ബ്. ആദർശ ചിന്താരംഗത്തും പ്രാസ്ഥാനിക കർമമേഖലയിലും ഖുർആൻ മാർഗദർശനം ചെയ്യുന്ന സത്യസരണി ഖുർആൻ വ്യാഖ്യാനത്തിലൂടെ മാനുഷ്യകത്തെ അറിയിക്കുകയായിരുന്നു അദ്ദേഹം. അതിനാലദ്ദേഹം സാധാരണ തഫ്സീറെഴുതുമ്പോൾ അവലംബിക്കാറുള്ള കൃതികളെ പ്രഥമ ഘട്ടത്തിൽ അവലംബമാക്കുകയോ അവയിൽ രേഖപ്പെടുത്തിയ അഭിപ്രായങ്ങളെ ഉപജീവിക്കുകയോ ചെയ്തില്ല. ഖുർആൻ വ്യാഖ്യാനത്തിന് ഖുർആൻ തന്നെയായിരുന്നു സയ്യിദിന് പ്രഥമവും പ്രധാനവുമായ അവലംബം. ചിന്താപരമായ മുൻധാരണകളോ മറ്റുള്ളവരുടെ അഭിപ്രായങ്ങളുടെ സ്വാധീനമോ ഇല്ലാതെ ഖുർആന്റെ ലോകത്തേക്ക് പ്രവേശിക്കാനാണ് അദ്ദേഹം ആഗ്രഹിച്ചത്.

ഖുർആൻ വ്യാഖ്യാനമെഴുതുന്നതിന് രണ്ട് ഘട്ടങ്ങളുണ്ടായിരുന്നു അദ്ദേഹത്തിന്. ഒന്നാം ഘട്ടത്തിൽ ഖുർആനിൽ നിന്ന് നേർക്കുനേരെ വിശദീകരണം സ്വീകരിക്കും. അതിന്റെ മുന്നോടിയായി ഒരധ്യായം മുഴുവൻ അവധാനതയോടെ പല ആവൃത്തി പാരായണം ചെയ്യും. ചിലപ്പോൾ അധ്യായത്തിന്റെ പ്രധാന പ്രമേയത്തിലും അനുബന്ധ വിഷയങ്ങളിലും തന്റെ ചിന്ത ചെന്നെത്തുന്നതുവരെ അത് തുടരും. അങ്ങനെ ചിന്ത ഉദ്ദിഷ്ട സ്ഥാനത്തെത്തിക്കഴിഞ്ഞാൽ ആ ചിന്താശകലങ്ങൾ രേഖപ്പെടുത്തിവെക്കും. ഒറ്റ ഇരുത്തത്തിൽ അതിനു സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യും. രണ്ടാം ഘട്ടം ഒന്നാം ഘട്ടത്തിന്റെ പൂർത്തീകരണമാണ്. തഫ്സീറുകൾ പരിശോധിച്ച് അവയിൽനിന്ന് അവതരണ പശ്ചാത്തലം കണ്ടെത്തുകയും കർമശാസ്ത്ര വിഷയത്തിൽ വിശദീകരണം തേടുകയും ഹദീസോ വിശ്വാസയോഗ്യമായ റിപ്പോർട്ടോ സാക്ഷ്യമാക്കുകയും ചെയ്യും.

*ഫീ ളിലാലിൽ* ഹദീസിനെ ധാരാളമായി അവലംബിച്ചിട്ടുണ്ട്. ഒരു ഖുർആൻ സൂക്തത്തിന്റെ വിശദീകരണത്തിൽതന്നെ നിരവധി ഹദീസുകൾ ഉദ്ധരിച്ചതായി കാണാം. ഹദീസുകൾ ഉദ്ധരിക്കുമ്പോൾ റിപ്പോർട്ടർമാരുടെയും ഉദ്ധരിച്ച ഗ്രന്ഥങ്ങളുടെയും പേരു കൂടി പറയാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ജയിൽ വാസകാലത്ത് ജയിൽ ലൈബ്രറിയിലെ ഗ്രന്ഥ

ങ്ങളും സന്ദർശകർ എത്തിച്ചുകൊടുക്കുന്ന പുസ്തകങ്ങളും അദ്ദേഹം ഉപയോഗപ്പെടുത്തിയിരുന്നു. സമകാലിക പണ്ഡിതന്മാരുടെ കൃതികളിൽ സ്വന്തം കൃതികളും സഹോദരൻ മുഹമ്മദ് ഖുത്ബിന്റെയും മൗലാനാ മൗദൂദിയുടെയും ഗ്രന്ഥങ്ങളും അവലംബവും തെളിവുമായി ഉദ്ധരിച്ചിട്ടുണ്ട്. മൗലാനാ മൗദൂദിയുടെ *ഇസ്‌ലാം മതം*, *സത്യസാക്ഷ്യം*, *ഖുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ*, *ഇസ്‌ലാമും ജാഹിലിയ്യത്തും*, *ഇസ്‌ലാമിക പ്രവർത്തകരുടെ ഉത്തരവാദിത്വങ്ങൾ*, *പർദ*, *ജിഹാദ്* എന്നീ പുസ്തകങ്ങളാണ് പ്രത്യേകം എടുത്തുദ്ധരിച്ചിട്ടുള്ളത്.

### *ഫീ ളിലാൽ* പഠനങ്ങൾ

*ഫീ ളിലാലി*നെ കുറിച്ച് നിരവധി പഠനങ്ങൾ പുറത്തുവന്നിട്ടുണ്ട്. അവയിൽ ശ്രദ്ധേയമാണ് ഡോ. സ്വലാഹ് അബ്ദുൽ ഫത്താഹ് ഖാലിദിയുടെ *ഫീ ളിലാലിൽ ഖുർആൻ ദിറാസതുൻ വ തഖ്‌വീം* (ഫീ ളിലാലിൽ ഖുർആൻ: പഠനവും വിലയിരുത്തലും) എന്ന കൃതി. 1984-ൽ സുഊദി അറേബ്യയിലെ ജാമിഅത്തുൽ ഇമാം മുഹമ്മദ് ബ്നു സുഊദ് ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിൽ പി.എച്ച്.ഡിക്ക് സമർപ്പിച്ച പ്രബന്ധമാണിത്. *മദ്ഖലുൻ ഇലാ ളിലാലിൽ ഖുർആൻ* (ളിലാലിൽ ഖുർആനിലേക്കൊരു പ്രവേശിക), *അൽമൻഹജുൽ ഹറകീ ഫീ ളിലാലിൽ ഖുർആൻ* (ഫീ ളിലാലിന്റെ പ്രാസ്ഥാനിക ശൈലി), *ഫീ ളിലാലിൽ ഖുർആൻ ഫിൽ മീസാൻ* (ഫീ ളിലാലിൽ ഖുർആൻ തുലാസ്സിൽ) എന്നീ ശീർഷകങ്ങളിൽ മൂന്ന് ഭാഗമായി അത് പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു. *സയ്യിദ് ഖുത്ബ്: മിനൽ മീലാദി ഇലൽ ഇസ്തിശ്ഹാദ്* (സയ്യിദ് ഖുത്ബ്: ജനനം മുതൽ രക്തസാക്ഷ്യം വരെ) എന്ന ബൃഹദ് ഗ്രന്ഥത്തിന്റെ കർത്താവ് കൂടിയാണ് ഡോ. സ്വലാഹ് അബ്ദുൽ ഫത്താഹ് ഖാലിദി. ■

(അവസാനിച്ചു)